**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1079** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ഭൂമി കയ്യേറ്റം തടയാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. സുധീർഷാ പാലോട്

ശ്രീ. എം. ആർ. ബൈജു

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;എങ്കിൽ എത്ര ഏക്കർ ഭൂമി കയ്യേറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. ജില്ലകളിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് കയ്യേറ്റം നടത്തിയിട്ടുള്ള സർക്കാർ ഭൂമികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | വിസ്തീർണ്ണം |
|---|---|---|
| 1 | കോഴിക്കോട് | 32.55423 ഹെക്ടർ |
| 2 | കണ്ണൂർ | 4.8894 ഹെക്ടർ |
| 3 | ആലപ്പുഴ | 21.9494 ഹെക്ടർ |
| 4 | കോട്ടയം | 22.87 ഹെക്ടർ |
| 5 | കാസർഗോഡ് | 15.0173 ഹെക്ടർ |
| 6 | വയനാട് | 75.7004 ഹെക്ടർ |
| 7 | കൊല്ലം | 9.2384 ഹെക്ടർ |
| 8 | എറണാകുളം | 54.1292 ഹെക്ടർ |
| 9 | തൃശ്ശൂർ | 21.2153 ഹെക്ടർ |
| 10 | ഇടുക്കി | 260.8761 ഹെക്ടർ |
| 11 | മലപ്പുറം | 9.30 ഹെക്ടർ |
| 12 | തിരുവനന്തപുരം | 106.879 ഹെക്ടർ |
| 13 | പത്തനംതിട്ട | 29.53782 ഹെക്ടർ |

| | | |
|---|---|---|
| 14 | പാലക്കാട് | 11.09597 ഹെക്ടർ |
| | ആകെ | 675.252526 ഹെക്ടർ |

**(ബി)** കയ്യേറ്റക്കാർ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരികെ പിടിക്കുവാൻ ശക്തമായ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ;

**മറുപടി:** റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സർക്കാർ പുറമ്പോക്ക് ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ കേരള ഭൂസംരക്ഷണ നിയമം 1957 ലെ വ്യവസ്ഥകൾ പ്രകാരം കയ്യേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തി ഒഴിപ്പിച്ചെടുത്തു വരുന്നുണ്ട്. പി.ഡബ്ല്യൂ.ഡി. റോഡുകളും, പഞ്ചായത്ത് നഗരസഭ കോർപ്പറേഷൻ റോഡുകളും അതാത് വകുപ്പിന്റെ അധീനതിയിലുള്ളതും ടി റോഡുകളിലുള്ള അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനു അതാത് വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റോഡുകളിലുള്ള അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കയ്യേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് സഹിതം റിപ്പോർട്ട് അതാത് വകുപ്പുകൾക്ക് യഥാസമയം റവന്യൂ വകുപ്പ് മുഖേന നല്കി വരുന്നുണ്ട്. ഇത്തരത്തിൽ കയ്യേറ്റക്കാർ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി സർക്കാരിലേയ്ക്ക് തിരികെ പിടിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം തടയുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**മറുപടി:** കേരള ഭൂസംരക്ഷണ നിയമം 1957 ലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ ഭൂമി കയ്യേറ്റം കണ്ടെത്തുന്നതിനും തടയുന്നതിനുമായി വില്ലേജ് ഓഫീസർമാർക്ക് കർശനമായ നിർദ്ദേശം നല്കിയിട്ടുള്ളതാണ്. റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് തഹസീൽദാർമാർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതും തുടർനടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചു വരുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**